# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ബിവറേജസ് കോർപ്പറേഷന്റെ മദ്യവില്പന

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1101 — 10.06.2019-ൽ മറുപടിയ്ക്ക്

| ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
|---|---|
| (എ) ബിവറേജസ് കോർപ്പറേഷന്റെ മദ്യവില്പനയിൽ വ്യാപകമായ അഴിമതി നടക്കുന്നതായി വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) കേരള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കെ.എസ്.ബി.സിയുടെ 48 എഫ്.എൽ 1 ചില്ലറ വില്പനശാലകളിൽ മിന്നൽ പരിശോധനകൾ നടത്തിയിരുന്നു. ടി മിന്നൽ പരിശോധനകളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന്റെ കണ്ടെത്തലുകൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല. |
| (ബി) മദ്യവില്പനയിലെ അഴിമതി പരിശോധിക്കാനും അത് തടയാനും നിലവിൽ എന്തു സംവിധാനമാണ് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്; ഇത് കാര്യക്ഷമമല്ലെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ; | (ബി) ഇന്റേണൽ ആഡിറ്റർ തലവനായ ഒരു സ്വതന്ത്ര ഇന്റേണൽ ആഡിറ്റ് വകുപ്പാണ് കെ.എസ്.ബി.സിയ്ക്കുള്ളത്. ഇന്റേണൽ ആഡിറ്ററുടെ റിപ്പോർട്ടുകൾ നേരിട്ടാണ് എം.ഡിയ്ക്ക് സമർപ്പിക്കുന്നത്. കെ.എസ്.ബി.സിയുടെ എല്ലാ പ്രവൃത്തിക്രമങ്ങളും, നയങ്ങളും കൃത്യമായി പാലിയ്ക്കപ്പെടുന്നുണ്ടോ എന്ന് ഇന്റേണൽ ആഡിറ്റ് വകുപ്പ് പരിശോധിക്കുന്നു. ഇതിൽ എന്തെങ്കിലും വീഴ്ച ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ മാനേജിംഗ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുന്നു. നിലവിൽ ഇന്റേണൽ ആഡിറ്റ് വകുപ്പിൽ 82 ജീവനക്കാരാണുള്ളത്. 2018-19 സാമ്പത്തിക വർഷത്തിൽ കെ.എസ്.ബി.സിയുടെ ഇന്റേണൽ ആഡിറ്റ് വിഭാഗം 6343 പരിശോധനകൾ നടത്തിയതിൽ സ്റ്റോക്കിലും വില്പനതുകയിലും ഏകദേശം 5.46 കോടി രൂപയുടെ കുറവ് കണ്ടെത്തുകയും, ടി കാലയളവിൽ ബാധ്യതയിനത്തിൽ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും 2.94 കോടി രൂപ തിരിച്ചു പിടിച്ചിട്ടുമുണ്ട്. 68 പരിശോധനകളിൽ ഉപഭോക്താക്കളിൽ നിന്നും അധിക തുക |

| | | | |
|---|---|---|---|
| | | | ഈടാക്കുന്നതായി കണ്ടെത്തുകയും, 81 പരിശോധനകളിൽ ചില മദ്യയിനങ്ങൾ പൂഴ്ത്തി വയ്ക്കുന്നതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ടി ക്രമക്കേടുകൾക്ക് ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനു പുറമെ, പിഴയായി 51 ലക്ഷം രൂപയും ഈടാക്കിയിട്ടുണ്ട്. |
| **(സി)** | അഴിമതി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വ്യാപകമായ പരിശോധന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | **(സി)** | 2018-19 സാമ്പത്തിക വർഷത്തിൽ കെ.എസ്.ബി.സിയുടെ ഇന്റേണൽ ആഡിറ്റ് വിഭാഗം എഫ്.എൽ-1 ചില്ലറ വില്പനശാലകളിൽ 6343 പരിശോധനകൾ നടത്തിയിട്ടുണ്ട്. എഫ്.എൽ-1-ചില്ലറ വില്പനശാലകളെ സംബന്ധിച്ച് കൂടുതൽ പരാതികൾ ഉണ്ടാകുന്ന സാഹചര്യത്തിൽ പരിശോധനകൾ വ്യാപകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**